കേരളീയം

ലക്കം
83

ലക്കം 6 • പുസ്തകം 6 • 2004 ജൂൺ • 1179 ഇടവം-മിഥുനം • പേജ് 68 • വില 15 രൂപ



ഫോട്ടോ കടപ്പാട് : കേരള വനംവകുപ്പ്

# സൈലന്റ്‌വാലി : മഴവനത്തിൽനിന്ന് മരുഭൂമിയിലേയ്ക്കുള്ള ദൂരം

ഒ കേരളത്തിലെന്നല്ല ലോകത്താകെ വികസനവും പരിസ്ഥിതിയും വിരുദ്ധ ധ്രുവങ്ങളിൽ ഏറ്റുമുട്ടുകയാണ്. 1970 കൾ അടിച്ചമർത്തലിന്റെയും ഒരേസമയം ഉണർവ്വിന്റേതുമാണ്. കേരളത്തിൽ പാലക്കാട് ജില്ലയിലെ സൈലന്റ്‌വാലി ശബ്ദമുഖരിതമായത് അണക്കെട്ടിനെതിരായുള്ള പ്രവർത്തനഫലമായാണ്. പിന്നീട് അന്താരാഷ്ട്രതലത്തിൽ വരെ നിർണ്ണായകമായി വളരുന്നത്.

ഊർജ്ജത്തിന് അനേകരൂപങ്ങളുണ്ട്. വികസനത്തിന് അനേകമാതൃകകളും. ഊർജ്ജമെന്നാൽ വൈദ്യുതിയും, വികസനമെന്നാൽ അണക്കെട്ട്, റോഡ് നശീകരണം എന്നത് ലോകത്തിലാകെ മാറികൊണ്ടിരിക്കുകയാണ്.

1970 കളുടെ ഒടുവിൽ കത്തിനിന്ന സൈലന്റ്‌വാലി പ്രശ്നം 1984 -ഓടെ ദേശീയ ഉദ്യാനമായി പ്രഖ്യാപിക്കപ്പെട്ടപ്പോൾ സംരക്ഷിതമായി. അതോടെ മുപ്പതിൽപരം വർഷങ്ങളായി തുടരുന്ന ഒരു ഭീഷണി അവസാനിച്ചതായി പലരും കരുതി. ദേശീയ ഉദ്യാനത്തിന്റെയും ജൈവസംരക്ഷണമേഖലയുടെയും 20-ാം വാർഷികത്തിൽ തന്നെ താരതമ്യേന മെച്ചപ്പെട്ടരീതിയിൽ സംരക്ഷിച്ചുവരുന്ന താഴ്‌വര വീണ്ടും ഭീഷണികളെ നേരിടുകയാണ്. പാത്രക്കടവ് പദ്ധതിയാണ് മുഖ്യവെല്ലുവിളി. എന്നാൽ പാരിസ്ഥിതിക വിദ്യാഭ്യാസത്തിനും സംരക്ഷണ പ്രവർത്തനത്തിനും അടിസ്ഥാന ദിശ നല്കിയ സൈലന്റ്‌വാലി വൈദ്യുതി പദ്ധതിയാൽ മാത്രമല്ല നശിക്കാൻ പോകുന്നത്. കാടുവെട്ടും കാട്ടുതീയും കയ്യേറ്റവും മാത്രമല്ല, ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിലൂടെയും മറ്റും പുതിയ വികസനപദ്ധതികളായി അവതരിക്കുന്ന ഇക്കോ ടൂറിസവും ബയോവാലി/ഹെർബൽവാലി പദ്ധതികളും പുതിയ രൂപത്തിലുള്ള വലിയ നാശങ്ങളിലേയ്ക്ക് സൈലന്റ്‌വാലിയെ മാത്രമല്ല പാലക്കാടിനെയോ, കേരളത്തെയോ അതേ ലോകത്താകെ നശിപ്പിക്കുകയാണ്.

ഒരു വികസനപ്രശ്നം ഇന്ന് വെറും പരിസ്ഥിതി പ്രശ്നം മാത്രമല്ല. പഴയതുപോലെ ഏതാനും സാഹിത്യ സാംസ്കാരിക ബുദ്ധിജീവികളുടെ ഒറ്റപ്പെട്ട പ്രകൃതി പ്രേമവുമല്ല. കുടിവെള്ളവും തൊഴിലും സമ്പത്തും അധികാരവും സ്വസ്ഥജീവിതവും കുഞ്ഞുങ്ങളുടെ ഭാവിയും നിലനിൽപ്പുമാണ്.

സൈലന്റ്‌വാലിയിലേക്ക് പ്രവേശിക്കുന്ന മുക്കാലി വഴിയിൽ ഒരു ബോർഡ് ഉണ്ടായിരുന്നു. വനംവകുപ്പിലെ പ്രതിബദ്ധതയുള്ള ഉദ്യോഗസ്ഥർ വെച്ചത്. *'സൈലന്റ്‌വാലിയിൽ നിന്ന് അട്ടപ്പാടിയിലേയ്ക്കുള്ള ദൂരം ഒരു മഴുവിന്റേതാണ്'.* അവിടെ പോയവർക്കും അടുത്തറിഞ്ഞവർക്കും അറിയാവുന്ന ഒരു കാര്യമുണ്ട്. അട്ടപ്പാടി മരുഭൂമി കേരളത്തിലെ മറ്റു പ്രദേശങ്ങളിലേക്ക് വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. സാധാരണ സ്ഥലങ്ങളിൽ മണ്ണൊലിപ്പ്, മഴവെള്ളം മൂലമെങ്കിൽ അട്ടപ്പാടിയിലത് കാറ്റുവഴിയാണ്. അതിനെ അല്പമെങ്കിലും തടഞ്ഞുനിർത്തുന്നത് കാടാണ്. നമുക്ക് നഷ്ടപ്പെടാൻ അധികം ഇനി ബാക്കിയില്ല.

ജീവൻ നിലനില്ക്കാനും വളരാനും നമ്മൾ ഏറെ സംരക്ഷിക്കേണ്ടതുണ്ട്. സൈലന്റ്‌വാലിയുടെ പ്രത്യേക ലക്കം ഭൂതവും വർത്തമാനവും ഭാവിയുമായി ഓരോ മനുഷ്യനുമുമ്പിൽ സമർപ്പിക്കുന്നു.

സ്നേഹാദരങ്ങളോടെ, *പത്രാധിപർ*

പത്രാധിപർ : പ്രമോദ്; ഏകോപനം : റോബിൻ

ചിത്രീകരണം, രൂപകല്പന: ജീവൻ, മോഹൻകുമാർ; ടൈപ്പ് സെറ്റിങ്ങ് : മൗസ് ആന്റ് മൈന്റ്സ്, തൃശൂർ.

സാങ്കേതിക സഹായം : എൻ.ചന്ദ്രൻ, പി.എ.അശോകൻ, പി.ടി.എം.ഹുസൈൻ, ഡോ.ബേബി എ.എ., വി.എം.ഗിരിജ, ഷീബ അമീർ, തോമസ്, സിനോയ്, എസ്. ലിമ, ഡോ.എ.ലത, ഡോ.എസ്.ശങ്കർ, കൃഷ്ണകുമാർ, ഡോ.എലിസബത്ത്, ടോണി തോമസ്, വിനോദ്, മധു, സുന്ദരരാജൻ